"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ചുമതലയിലുള്ള ഡിപ്പാർട്ടുമെന്റ് വാഹനം - KL 01 CN 5593 Bolero അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് - പുതുക്കിയ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3208/2024/HOME തീയതി,തിരുവനന്തപുരം, 01-11-2024

---

പരാമർശം:- 1) സ.ഉ. (സാധാ) നം. 518/2024/ആഭ്യന്തരം തീയതി. 16.02.2024.

2) സംസ്ഥാന പോലീസ് മേധാവിയുടെ 27.05.2024, 23.08.2024 തീയതികളിലെ ആർ3-164572/2021/ പി.എച്ച്.ക്യു നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ചുമതലയിലുള്ള ഡിപ്പാർട്ടുമെന്റ് വാഹനമായ KL 01 CN 5593 Bolero അപകടത്തെത്തുടർന്ന് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി 50,687/- രൂപ 2023-24സാമ്പത്തിക വർഷത്തെ 2055-00-109-99-21 MV 2 R&M എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് പരാമർശിത ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ 2023-24 സാമ്പത്തിക വർഷം KL 01 CN 5593 Bolero വാഹനം റിപ്പയർ ചെയ്തതിന്റെ ബില്ലുകൾ ലഭിച്ചപ്പോൾ പ്രസ്തുത ശീർഷകത്തിൽ മതിയായ ഫണ്ട് ഇല്ലാതിരുന്നതിനാൽ തുക ചെലവഴിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടായെന്നും, ആയതിനാൽ വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്ക് ചെലവായ ആകെ തുകയായ 50,687/- രൂപ 2055-00-109-99-21 MV 2 R&M എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്തു പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ അപേക്ഷയിലെ വിശദാംശങ്ങളുടെയും ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ, കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ചുമതലയിലുള്ള ഡിപ്പാർട്ടുമെന്റ് വാഹനമായ KL 01 CN 5593 Bolero അപകടത്തെത്തുടർന്ന് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി 50,687/- രൂപ (അമ്പതിനായിരത്തി അറുന്നൂറ്റി എൺപത്തിയേഴ് രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിലെ 2055-00-109-99-21 MV 2 R&M എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതിന്, നിലവിലെ ചട്ടങ്ങൾക്കും, നടപടി ക്രമങ്ങൾക്കും വിധേയമായി പുതുക്കിയ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജികുമാർ ജി
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം. (അപേക്ഷയോടൊപ്പം ലഭ്യമാക്കിയ എല്ലാ രേഖകളും സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ഐ & പിആർഡി (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Jalaja Kumari M S
Date: 01-11-2024 21:40:55

സെക്ഷൻ ഓഫീസർ